(ബി) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയായ IEDSS പ്രകാരം സംസ്ഥാനത്തിലെ വിവിധ ജില്ലകളിലായി 725 റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സാധാരണ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികളെ സഹായിക്കാനായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) ജയരാജൻ കമ്മീഷന്റെ പഠനം മുഖ്യമായും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പ്രത്യേക വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിനും അവിടുത്തെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങളുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ജി. വി. രാജാ സ്പോർട്സ് സ്കൂൾ

25(2932) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മികച്ച കായിക സ്കൂളായ തിരുവനന്തപുരം അരുവിക്കരയിൽ സ്ഥിതി ചെയ്യുന്ന ജി. വി. രാജാ സ്പോർട്സ് സ്കൂളിൽ നിലവിൽ എത്ര കായിക ഇനങ്ങളിലായി എത്ര കായിക പ്രതിഭകൾ പഠനം നടത്തുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്പോർട്സ് സ്കൂളിൽ എത്ര പരിശീലകർ ഇപ്പോൾ ഉണ്ടെന്നും എത്ര പരിശീലകരാണ് ആവശ്യമെന്നും വ്യക്തമാക്കാമോ : ആവശ്യത്തിനനുസരിച്ച് പരിശീലകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) എൽ.എൻ.സി.പി. മാതൃകയിൽ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് സയൻസിൽ യോഗ്യതയുള്ളവരെ സ്കൂളിന്റെ മേധാവിയായി നിയമിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ സ്കൂളിലെ ഹോസ്റ്റലുകളിൽ താമസിച്ചുപഠിച്ചു വരുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി രണ്ട് ഹോസ്റ്റലുകളിലും പുരുഷ വാർഡന്മാരേയും സ്ത്രീ വാർഡൻമാരേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ നിലവിൽ 362 കുട്ടികൾ 7 കായിക ഇനങ്ങളിൽ പഠനം നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജി.വി. രാജാസ്പോർട്സ് സ്കൂളിൽ നിലവിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും 6 (ആറ്) കായികാദ്ധ്യാപകരെയും സ്പോർട്സ് കൗൺസിലിൽനിന്നും 4 (നാല്) പേരെയും നിയമിച്ചിട്ടുണ്ട്. കൂടുതൽ പരിശീലകരെ നിയമിക്കുന്ന വിഷയം പരിഗണനയിലുണ്ട്.

(സി) വിഷയം പരിശോധിച്ചുവരുന്നു.

(ഡി) നിലവിൽ പുരുഷ വാർഡൻമാരുടെയും സ്ത്രീ വാർഡന്മാരുടെയും തസ്തിക ഇല്ല. എന്നാൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കായികാദ്ധ്യാപകനെ മെയിൽ വാർഡനായും ദിവസവേതന വ്യവസ്ഥയിൽ സ്ത്രീ വാർഡനെയും നിയമിച്ചിട്ടുണ്ട്.

സി. എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്

26(2933) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി. എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് ലഭിക്കാൻ വേണ്ട മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര രൂപയാണ് പ്രതിവർഷം വിദ്യാർത്ഥിക്ക് സ്കോളർഷിപ്പായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) മുസ്ലീം നാടാർ വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പ് നൽകി വരുന്നുണ്ടോ ; എങ്കിൽ സ്കോളർഷിപ്പ് ലഭിക്കാനുള്ള മാനദണ്ഡം എന്താണെന്നും ടി വിഭാഗത്തിന് പ്രതിവർഷം ഒരു വിദ്യാർത്ഥിക്ക് എത്ര രൂപയാണ് നൽകി വരുന്നതെന്നും വ്യക്തമാക്കാമോ ;

(ഡി) സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്ഥിരതാമസക്കാരായ മുസ്ലീം/ലത്തീൻക്രിസ്ത്യൻ/ പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടതും സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിലോ സർക്കാർ മെറിറ്റ് ക്വാട്ടയിൽ അൺ എയ്ഡഡ് പ്രൊഫഷണൽ സ്ഥാപനങ്ങളിലോ പ്രവേശനം ലഭിച്ചതുമായ പെൺകുട്ടികൾക്കാണ് സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപെന്റിന് അപേക്ഷിക്കുവാൻ അർഹതയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly